**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി, കൂടാതെ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി എന്നീ നൂതന പദ്ധതികൾ വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.<br><br>ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധന സഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.<br><br>ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.<br><br>ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൌത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു<br><br>ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2015-16 വർഷം മിൽമ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | പരിഗണനയിലുണ്ട് .<br><br>കന്നുകുട്ടികളെ ജനിക്കുമ്പോൾ തന്നെ കണ്ടെത്തി ശാസ്ത്രീയ പരിപാലന മുറകൾ വഴി വളർത്തിയെടുക്കുവാൻ പരിഷ്കരിച്ച കന്നുകുട്ടി |

| | | | |
|---|---|---|---|
| | | | പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയിലാണ്.കർഷകർക്ക് പരിശീലനം കന്നുകുട്ടിക്ക് ഇൻഷ്വറൻസ് പരിരക്ഷ,തീറ്റ നൽകി കൊണ്ട് ശാസ്ത്രീയ പരിപാലനത്തിലൂടെ ചുരുങ്ങിയ സമയം കൊണ്ട് കന്നുകുട്ടിയെ പശുവാക്കി മാറ്റിയെടുക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാന സർക്കാർ രൂപീകരിച്ച ക്ഷീരശ്രീ പോർട്ടലിന് കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പുരസ്കാരം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. 2023 ജനുവരി 7 ന് ഭാരതത്തിന്റെ ബഹു.രാഷ്ട്രപതി ശ്രീമതി.ദ്രൗപതി മുർമു ഡൽഹിയിൽ വിഗ്യാൻഭവനിൽ വെച്ച് വിതരണം ചെയ്യുകയുണ്ടായി.<br><br>ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാം Online വഴി ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിനുവേണ്ടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ ഒരു വെബ് പോർട്ടൽ ആണ് ക്ഷീരശ്രീ പോർട്ടൽ. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ക്ഷീരസംഘങ്ങൾക്കായി ഇത്തരം ഒരു പോർട്ടൽ നിർമ്മിക്കുന്നത്. Ksheerasree.kerala.gov.in എന്ന URL ഉപയോഗിച്ചാണ് വെബ് സൈറ്റിൽ പ്രവേശിക്കുന്നത്. ട്രഷറി, റവന്യൂ, പൊതുവിതരണം എന്നിങ്ങനെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ഏകോപിപ്പിച്ചു കൊണ്ട് പരിപൂർണ്ണമായും Online ആയാണ് പദ്ധതി നിർവ്വഹിച്ചു വരുന്നത്. ക്ഷീരകർഷകർക്ക് മൊബൈൽ ഫോണിലൂടെയോ കംപ്യൂട്ടർ മുഖേനയോ, സമീപത്തുള്ള അക്ഷയ കേന്ദ്രം വഴിയോ ക്ഷീരവികസന വകുപ്പ് ഓഫീസ് വഴിയോ ക്ഷീരസംഘങ്ങൾ മുഖേനയോ അനായാസേന Online സേവനങ്ങൾ ലഭ്യമാകുന്നതാണ്. കർഷകരുടെ അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ക്ഷീരശ്രീ പോർട്ടൽ മുഖേന Online ആയി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളായ ക്ഷീരഗ്രാമം, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, പുൽകൃഷി വികസന പദ്ധതി എന്നിവ ക്ഷീരശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.<br><br>ക്ഷീരശ്രീയ്ക്ക് ഈ വർഷം ഒരു ദേശീയ അവാർഡും ഒരു സംസ്ഥാന അവാർഡും ലഭ്യമായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 2022 ലെ Digital India Award ൽ Digital Initiatives at Grass Root Level വിഭാഗത്തിന് സിൽവർ മെഡൽ ലഭ്യമായത് ക്ഷീരശ്രീ പോർട്ടലിനാണ്. ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽ വഴി തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്ത് സ്മാർട്ട് ഐഡി കരസ്ഥമാക്കാനും അതിനുശേഷം വിവിധ |

| | | | |
|---|---|---|---|
| | | | സ്കീമുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാനും തുടർന്ന് ഉദ്യോഗസ്ഥർക്ക് ഈ രേഖകൾ പോർട്ടലിൽ നിന്നു തന്നെ ലഭ്യമാക്കി പരിശോധിച്ച് ഫീൽഡ് വെരിഫിക്കേഷനു ശേഷം അർഹതപ്പെട്ട ഗുണഭോക്താവിന് e-DBT വഴി സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുവാൻ സാധിക്കും.<br><br>അതോടൊപ്പം 2022 വർഷത്തെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ മൂന്നാം സ്ഥാനവും ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടലിന് ലഭിച്ചു. |

സെക്ഷൻ ഓഫീസർ